# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 702 — 24.01.2018- ൽ മറുപടിയ്ക്ക്

## സഹകരണ വകുപ്പിനെ ശക്തിപ്പെടുത്താൻ പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.ഉമ്മർ** | **ശ്രീ. കടകംപള്ളി സുരേന്ദ്രൻ**<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ വകുപ്പിനെ ശക്തിപ്പെടുത്താൻ എന്തെല്ലാം പദ്ധതി കളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി യതെന്ന് വിശദമാക്കാമോ; | (എ) സഹകരണ വകുപ്പിന്റെ സേവനങ്ങൾ ഓൺലൈൻ മുഖേന നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. അതിന്റെ ആദ്യ ഘട്ടമായി രജിസ്ട്രേഷൻ, ബൈല ഭേദഗതി, ഫണ്ട് മാനേജ്മെന്റ്, ഇലക്ഷൻ മാനേജ്മെന്റ് മോഡ്യൂളുകൾ പൂർത്തിയാക്കിയിട്ടുണ്ട്.<br><br>സഹകരണ വകുപ്പിനെ ആധുനികവൽക്ക രിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിനായി ആസ്ഥാന ഓഫീസുകളിലേക്ക് ആവശ്യമായ കംപ്യൂട്ടറുകളും, അനുബന്ധ ഉപകരണങ്ങളും വാങ്ങുകയുണ്ടായി. ജില്ലാ ഓഫീസുകളിലേക്കുള്ള കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതി ലേക്കുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ 'സെൻട്രലൈസ്ഡ് പ്രൊക്യുർമെന്റ് പോർട്ടൽ' മുഖേന സ്വീകരിച്ചുവരുന്നു.<br><br>സഹകരണ വകുപ്പിൽ ഇ- ഓഫീസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. അതിനായി നാഷണൽ ഇൻഫർമാറ്റിക് സെന്റർ മുഖേന ആസ്ഥാന ഓഫീസിലെ രണ്ട് സെക്ഷനുകളിൽ ഇ- ഓഫീസ് പദ്ധതി നടപ്പിലാക്കി വരുന്നു. മറ്റ് സെക്ഷനുകളിലേക്ക് ഇ-ഓഫീസ് പദ്ധതി സമയബന്ധിതമായി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>സഹകരണ ആഡിറ്റ് ശക്തിപ്പെടുത്തു ന്നതിലേക്കായി സഹകരണ ആഡിറ്റ് മാന്വൽ പരിഷ്കരിക്കുന്നതിലേക്കുള്ള ഊർജ്ജിത നടപടി കൈക്കൊണ്ടിട്ടുണ്ട്. |

സഹകരണ വകുപ്പിലെ ഉദ്യോഗസ്ഥന്മാരുടെ കാര്യക്ഷമത ഉയർത്തിക്കൊണ്ട് വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ശക്തിപ്പെടുത്തുന്നതിനായി സഹകരണ വകുപ്പിന്റേതായ ഒരു ട്രെയിനിംഗ് സെന്റർ ആരംഭിക്കുകയുണ്ടായി. ഉപരിയായി ഐ.എം.ജി., ഐ.സി.എം., എ.സി.എസ്.റ്റി.ഐ എന്നീ സ്ഥാപനങ്ങളിൽ ജീവനക്കാർക്ക് വേണ്ടി നടത്തി വരുന്ന ട്രെയിനിംഗ് പ്രോഗ്രാമുകളിലും സഹകരണ വകുപ്പ് ഉദ്യോഗസ്ഥരെ പങ്കെടുപ്പിക്കുന്നുണ്ട്.

വികസനപാതയിലൂടെ അനുദിനം വർദ്ധിച്ചു വരുന്ന സഹകരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും പര്യാപ്തമായ ഉദ്യോഗസ്ഥരുടെ അഭാവം സഹകരണ വകുപ്പ് നേരിടുന്നതിനാൽ കാലോചിതമായി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെയും പ്രാരംഭഘട്ടത്തിലാണ്.

സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ എം.എസ്. ശ്രീറാം ചെയർമാനായ വിദഗ്ദ്ധ സമിതി 28.04.2017 ന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ടേർഡ് നബാർഡ് ചീഫ് മാനേജർ ശ്രീ. വി.ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജനകരമായ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ടാസ്ക് ഫോഴ്സ് ദ്രുതഗതിയിൽ സ്വീകരിച്ചു വരുന്നു.

| | |
|---|---|
| ബി) സഹകരണ മേഖലയെ തകർക്കുന്ന രീതിയിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നുമുള്ള സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (ബി) സഹകരണ മേഖലയെ തകർക്കുന്ന രീതിയിൽ ജീവനക്കാരുടെ ഭാഗത്ത് നിന്നുമുള്ള സാമ്പത്തിക ക്രമക്കേടുകൾ തടയുന്നതിന് സഹകരണ വകുപ്പ് വിശദ പരിശോധന, ആകസ്മിക പരിശോധന, സ്വർണ്ണപണ്ട പരിശോധന, സഹകരണ വിജിലൻസ് പരിശോധന, ആഡിറ്റ് വിഭാഗം നടത്തുന്ന പരിശോധന, വകുപ്പ് 65 പ്രകാരമുള്ള അന്വേഷണം, വകുപ്പ് 66 പ്രകാരമുള്ള പരിശോധന, എന്നിവ നടത്തുകയും ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സഹകരണ നിയമം വകുപ്പ് 68 (1)പ്രകാരം അന്വേഷണം |

നടത്തി വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ്ജ് നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യങ്ങളിൽ പരിശോധന നടത്തി കുറ്റക്കാർക്കെതിരെ സഹകരണസംഘം രജിസ്ട്രാറുടെ 11/79 നമ്പർ സർക്കുലർ പ്രകാരം സ്പെഷ്യൽ റിപ്പോർട്ട് തയ്യാറാക്കി നടപടി സ്വീകിരിക്കുന്നതിനായി പോലീസിന് അയച്ചു കൊടുക്കാറുണ്ട്. ജീവനക്കാരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയ്ക്ക് ചട്ടം 198 പ്രകാരം ബന്ധപ്പെട്ട ഭരണസമിതി നടപടികൾ സ്വീകരിക്കാറുണ്ട്.

സി) കഴിഞ്ഞ അഞ്ചുവർഷക്കാലയളവിനുള്ളിൽ സാമ്പത്തിക ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിൽ പ്രവർത്തിച്ചുവരുന്ന മാനേജർ തസ്തികയിലുള്ള എത്ര ജീവനക്കാരെ തരംതാഴ്ത്തിയിട്ടുണ്ടെന്ന് വിശദാംശം വെളിപ്പെടുത്താമോ;

ഡി) പ്രസ്തുത ജീവനക്കാരെ സംബന്ധിച്ച വിശദാംശവും അവരെ ജോലിയിൽ തിരികെ പ്രവേശിപ്പിച്ചതിന്റെ മാനദണ്ഡങ്ങളും വിശദമാക്കാമോ;

ഇ) നിലവിൽ പ്രസ്തുത ജീവനക്കാരെ നിരീക്ഷിക്കുന്നതിന് എന്തെങ്കിലും നടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

(സി) യും (ഡി) യും (ഇ) യും ആരെയും തരം താഴ്ത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ